**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 364** **13-03-2023 - ൽ മറുപടിയ്ക്ക്**

**ആധുനിക സൗകര്യങ്ങളോടുകൂടിയ മത്സ്യ മാർക്കറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യവിപണനത്തിന് ആധുനിക സൗകര്യങ്ങളോടുകൂടിയ മത്സ്യ മാർക്കറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് മത്സ്യവിപണനത്തിന് ആധുനിക സൗകര്യങ്ങളോടുകൂടിയ മത്സ്യ മാർക്കറ്റുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 51 മത്സ്യമാർക്കറ്റുകൾ ആധുനിക വൽക്കരിക്കുന്നതിനായി 137.81 കോടി രൂപയുടെ കിഫ്ബി ധനസഹായം ലഭ്യമായിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനാണ് പദ്ധതിയുടെ ചുമതല. ഇതുകൂടാതെ നബാർഡിന്റെ ഗ്രാമീണാടിസ്ഥാന സൗകര്യ വികസന ഫണ്ടിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിൽ മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനായി 502ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതികളെല്ലാം വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു. |
| (ബി) | നല്ല മത്സ്യങ്ങൾ കുറഞ്ഞ വിലയ്ക്ക് പ്രസ്തുത മാർക്കറ്റുകളിലൂടെ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നിർമ്മിക്കുന്ന ഓരോ മത്സ്യമാർക്കറ്റിലും മത്സ്യ വിപണനത്തിനായുള്ള ആധുനിക സൗകര്യങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഭാവി നടത്തിപ്പിനും പരിപാലനത്തിനുമായി മത്സ്യമാർക്കറ്റിന്റെ ഉടമസ്ഥരായ അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്തു വരുന്നുണ്ട്. മത്സ്യ വിപണനം, മത്സ്യത്തിന്റെ ലഭ്യത എന്നിവ ഉറപ്പാക്കുന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനമാണ്.<br><br>മത്സ്യത്തിന്റെ ഗുണനിലവാരം നിലനിർത്തി ശുചിത്വപൂർണ്ണമായ സാഹചര്യത്തിൽ മത്സ്യ വിൽപ്പന നടത്തുന്നതിനും അതുവഴി ഗുണമേന്മയുള്ള മത്സ്യം കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് നല്കുന്നതിനുമായി, പരമ്പരാഗത |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികളിൽ നിന്നും, മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി പ്രാഥമിക സംഘങ്ങൾ വഴിയും ഫിഷ് ലാന്റിംഗ് സെന്ററുകളിൽ നിന്ന് നേരിട്ടും ഗുണനിലവാരമുള്ള മത്സ്യങ്ങൾ സംഭരണ കേന്ദ്രങ്ങളിൽ ശേഖരിച്ച് ഫിഷ് മാർട്ടുകൾ മുഖേന മത്സ്യഫെഡ് വിപണനം നടത്തുന്നുണ്ട്. |
| (സി) | മത്സ്യ മാർക്കറ്റുകൾ വൃത്തിയായി സൂക്ഷിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നിർമ്മിക്കുന്ന ആധുനിക മത്സ്യമാർക്കറ്റുകളിൽ മത്സ്യവിപണനത്തിനായി പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ് എന്നിവ വിഭാവനം ചെയ്തിട്ടുണ്ട്. ടി മാർക്കറ്റുകളിൽ സ്ഥല സൗകര്യം, ദിവസേനയുള്ള മത്സ്യത്തിന്റെ ഇറക്കുമതി എന്നിവ അനുസരിച്ച് കേടുവരാത്ത മത്സ്യത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുന്നതിന് 'ചിൽ റൂം" സംവിധാനവും ഒരുക്കുന്നുണ്ട്. പ്രധാന മാർക്കറ്റുകളിൽ കച്ചവടക്കാർക്ക് വിശ്രമിക്കുന്നതിനായി 'റെസ്റ്റ് റൂം' സൗകര്യം സജ്ജമാക്കുന്നുണ്ട്. കൂടാതെ ശുദ്ധജല ലഭ്യത, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ടോയ്‌ലറ്റ് സംവിധാനം എന്നിവയും ഓരോ മത്സ്യമാർക്കറ്റിലും ഉറപ്പുവരുത്തുന്നുണ്ട്. 200ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണത്തിലുള്ള ഫിഷ് മാർട്ടുകളിൽ കാര്യമായ ഖര-ജല മാലിന്യങ്ങൾ ഉണ്ടാകുന്നില്ല. എങ്കിലും ചെറിയ തോതിലുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജനം ചെയ്തുവരുന്നു.<br><br>കേരള നിയമസഭ പാസ്സാക്കിയ കേരള മത്സ്യ സംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് 2021 ലെ സെക്ഷൻ- 12 പ്രകാരം, നോട്ടിഫൈ ചെയ്യുന്ന മത്സ്യമാർക്കറ്റുകളിൽ "ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റികൾ' രൂപീകരിച്ച് മാർക്കറ്റുകളുടെ അടിസ്ഥാന ഭൗതിക സൗകര്യ വികസനവും ഗുണനിലവാര പരിപാലനവും ഉറപ്പ് വരുത്തുവാൻ സാധിക്കുന്നതാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ ഈ ആക്ടിലെ സെക്ഷൻ 16 പ്രകാരം രൂപീകൃതമായ 'സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റി' ആക്ടിലെ വ്യവസ്ഥകൾ ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നു എന്നുറപ്പിക്കാൻ പര്യാപ്തമാണ്.<br><br>മത്സ്യത്തിന്റെ ഗുണനിലവാരം നിലനിർത്തി ശുചിത്വപൂർണ്ണമായ സാഹചര്യത്തിൽ മത്സ്യ വിൽപ്പന |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനും അതുവഴി ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് നല്കുന്നതിനുമായി സംസ്ഥാന പ്ലാൻ 2022-23 പദ്ധതിയിൽ ഉൾപ്പെടുത്തി 'സ്ട്രീറ്റ് ഫിഷ് വെൻഡിങ് കിയോസ്ക്-മീൻകൂട്' എന്ന 52 ലക്ഷം രൂപയുടെ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി പ്രകാരം 50 മത്സ്യത്തൊഴിലാളി വനിതകൾക്ക് പ്രയോജനം ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ